ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ അഴിക്കോട് യു.പി.സ്കൂളും പനവൂർ എൽ.പി.സ്കൂളും അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനങ്ങൾ ആവശ്യമായ അനന്തര നടപടികൾക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ചടയമംഗലം മണ്ഡലത്തിൽ വിദ്യാഭ്യാസ മേഖലയിലെ വികസന പ്രവർത്തനങ്ങൾ

99 (646) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ദശഷം നാളിതുവരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതുൾപ്പെടെ എന്തെല്ലാം പ്രവൃത്തികൾ അനുവദിച്ചു ; സ്കൂൾ തിരിച്ച് അവയ്ക്കായി അനുവദിച്ച തുകയുടെ കണക്ക് വ്യക്തമാക്കാമോ ;

(ബി) പഞ്ചായത്തു-ബ്ലോക്ക്-ജില്ലാ പഞ്ചായത്തു വഴി നടപ്പാക്കിയ പദ്ധതിയും തുകയും സ്കൂൾ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) അനുവദിച്ച തുകയിൽ നടപ്പാക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി 1995-97 മുതൽ ഗവൺമെന്റ് സ്കൂളുകളുടെ കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണികൾ, എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കുകയാണ്. ഇതു സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി & സി) വിവരം ശേഖരിച്ചു വരുന്നു.

ഫുൾടൈം ജൂനിയർ ഹിന്ദി ടീച്ചർ തസ്തികയിലെ ഒഴിവ്

100 (648) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ നിന്നും ഫുൾടൈം ജൂനിയർ ഹിന്ദി ടീച്ചർ തസ്തികയിലെ ഒഴിവുകളിലേക്ക് അഡൈസ് ചെയ്യാൻ പി.എസ്.സിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ 31-10-2001-ൽ ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പ് നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്താൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly